ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സുകൾ ആരംഭിച്ചതുമുതൽ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സേവനമാണ് പ്രയോജനപ്പെടുത്തിവരുന്നത്.

(ബി) ഹൈസ്കൂളുകളോടനുബന്ധിച്ചാണ് ഹയർ സെക്കണ്ടറി വിഭാഗവും പ്രവർത്തിച്ചുവരുന്നത്. ഹയർ സെക്കണ്ടറിക്കു മാത്രമായി ക്ലാർക്ക്, അറ്റന്റർ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സർവ്വശിക്ഷാ അഭിയാൻ പദ്ധതി

164 [747] *ശ്രീ. എം. മുരളി:*
„ *വർക്കല കഹാർ:*
„ *പി. ജെ. ജോയി:*
„ *ലൂഡി ലൂയിസ്:*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി ആരംഭിച്ചശേഷം കേന്ദ്രത്തിൽനിന്നും ഈ പദ്ധതിക്ക് എന്തു തുക ലഭിച്ചു; അതിൽ എന്തു തുക ചെലവഴിച്ചു;

(ബി) കേന്ദ്രത്തിൽനിന്നും ഒരു വർഷം കിട്ടിയ തുക പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം അതിന്റെ അടുത്ത വർഷം കേന്ദ്രത്തിൽനിന്നും കിട്ടുന്ന തുകയിൽ കുറവുണ്ടാകുമോ;

(സി) കേന്ദ്രത്തിൽനിന്നും കിട്ടുന്ന തുകയ്ക്ക് ആനുപാതികമായി ഈ പദ്ധതിയിലേക്ക് സംസ്ഥാനവും തുക നൽകേണ്ടതുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുവരെ എന്തു തുകയാണ് നൽകേണ്ടിയിരുന്നത്; അതിൽ എന്തു തുക നൽകി;

(ഇ) സംസ്ഥാനം ഈ പദ്ധതിക്കുവേണ്ടി ചെലവഴിക്കേണ്ട തുക ചെലവഴിക്കാത്തതുകൊണ്ടോ പ്രസ്തുത തുകയിൽ കുറവു വരുത്തിയതു കൊണ്ടോ കേന്ദ്രത്തിൽനിന്നും കിട്ടേണ്ട തുകയിൽ കുറവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ച തുക — 17,164.26 ലക്ഷം രൂപ
ചെലവായ തുക — 17,947.61 ലക്ഷം രൂപ.
(സംസ്ഥാന വിഹിതം ഉൾപ്പെടെ)

(ബി) നിർമ്മാണപ്രവർത്തനം തുടങ്ങിയ ആവർത്തനസ്വഭാവമുള്ള ഇനങ്ങളിൽ ചെലവഴിക്കാൻ പറ്റാതെവരുന്ന തുക അടുത്തവർഷത്തെ വാർഷിക പ്രവർത്തനപദ്ധതിയിൽ സ്പിൽ ഓവർ ആയി അനുവദിക്കുന്നതാണ്. ഇങ്ങനെയുള്ള ഇനങ്ങൾ ഒഴിച്ച് ചെലവഴിക്കാൻ പറ്റാതെവരുന്ന തുക കുറവു ചെയ്തേ അടുത്ത വാർഷികപദ്ധതിക്ക് തുക അനുവദിക്കുകയുള്ളൂ.

(സി) ഉണ്ട്.

(ഡി) നൽകേണ്ടിയിരുന്നത് — 57,21.33 ലക്ഷം രൂപ
നൽകിയത് — 3,315.10 ലക്ഷം രൂപ

(ഇ) ഇല്ല. എന്നാൽ ബാക്കി സംസ്ഥാന വിഹിതം അനുവദിക്കേണ്ടത് 2005-06-ലെ കേന്ദ്ര വിഹിതം അനുവദിക്കുന്നതിന് ഉപാധിയായി കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്.

എസ്. എസ്. എ. പദ്ധതിവിഹിതം

165 [748] *ശ്രീ. പി. ജെ. ജോയി:*
„ *വർക്കല കഹാർ:*
„ *എം. മുരളി:*
„ *കെ. മുഹമ്മദാലി:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴുള്ള നിയമമനുസരിച്ച് എസ്. എസ്. എ. പദ്ധതിയുടെ കാലാവധി എന്നവസാനിക്കും;

(ബി) അതുവരെ ഈ പദ്ധതിയുടെ ചെലവ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഏത് അനുപാതത്തിലാണ് നടത്തേണ്ടത്;

(സി) കേന്ദ്രം നൽകുന്നതനുസരിച്ച് സംസ്ഥാനത്തിന്റെ വിഹിതം മുൻകൂട്ടി അടച്ചുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) സംസ്ഥാന വിഹിതം അടയ്ക്കാതെ കേന്ദ്രം അതിന്റെ വിഹിതം നൽകാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly